ഹദീസ്

കെ.സി സലീം കരിങ്ങനാട്
kckaringanad@gmail.com

# സ്വവർഗരതിയെന്ന മഹാപാപം

عَنْ جَابِرِ رضي الله عنه قال: قَالَ رَسُولُ اللَّهِ صلى الله عليه وسلم: إِنَّ أَخْوَفَ مَا أَخَافُ عَلَى أُمَّتِي مِنْ عَمَلِ قَوْمِ لُوطٍ (رواه ابن ماجه والترمذي)

**ജാബിറിൽ നിന്ന്. നബി (സ) പറഞ്ഞു: 'എന്റെ സമൂഹത്തിന്റെ കാര്യത്തിൽ ഞാനേറ്റവുമധികം ഭയപ്പെടുന്നത് ലൂത്വിന്റെ സമുദായത്തിന്റെ പ്രവൃത്തിയാണ്' (ഇബ്നുമാജ, തിർമിദി).**

സ്വവർഗരതി എന്ന ലൈംഗിക അപഥസഞ്ചാരത്തിന്റെ അപകടങ്ങളിലേക്ക് സൂചന നൽകുന്നതാണ് ഈ നബിവചനം. സ്വവർഗരതി വീണ്ടും ചർച്ചയായിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ ഈ ഹദീസിന് കാലിക പ്രസക്തിയുണ്ട്. സ്വവർഗരതി എന്നത് മുൻ കഴിഞ്ഞുപോയ ഒരു ജനതയെ മുച്ചൂടും നശിപ്പിച്ച മഹാപാ പമാണ്. ലൂത്ത് ജനതയുടെ ദുഷ്പ്രവൃത്തി ചെയ്യുന്ന ഏതൊരുത്തനെയും അല്ലാഹു ശപിച്ചിരിക്കുന്നുവെന്ന് ഒരിക്കൽ പ്രവാചകൻ പറയുകയുണ്ടായി. ഇത് മൂന്ന് പ്രാവശ്യം ആവർത്തിച്ചു. അത്രക്കും ഗുരുതരമായ ഒന്നായാണ് ഇസ്‌ലാം ഇതിനെ കാണുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു: ''ലൂത്വിനെയും നാം നിയോഗിച്ചു. അദ്ദേഹം തന്റെ ജനത്തോട് പറഞ്ഞതോർക്കുക; നിങ്ങൾക്ക് മുമ്പ് ലോകരിലാരും ചെയ്തിട്ടില്ലാത്ത നീചവൃത്തിയിലാണോ നിങ്ങളേർപ്പെട്ടിരിക്കുന്നത്? നിങ്ങൾ സ്ത്രീകളെ ഒഴിവാക്കി ഭോഗേഛയോടെ പുരുഷന്മാരെ സമീപിക്കുന്നു. അല്ല, നിങ്ങൾ കൊടിയ അതിക്രമികൾ തന്നെ'' (*അൽ അഅ്റാഫ്:* 80-81).

ലൂത്ത് നബിയുടെ ജനതക്ക് മേൽ ദൈവശിക്ഷ ഇറങ്ങാൻ കാരണമായ ദുഷ്പ്രവൃത്തിയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ലൂത്ത് സമുദായത്തിന്റെ തന്നെ വിശേഷണവും പ്രതിനിധാനവും ഈയൊരു കുറ്റകൃത്യമാണ്. എത്ര വലിയ താക്കീതുകൾ നൽകിയിട്ടും ആ ജനത അതിൽനിന്ന് പിന്മാറാൻ തയാറായില്ല.

ആധുനിക പാശ്ചാത്യ നാഗരികതയും ഈയൊരു മഹാപാപത്തെ ഏറ്റെടുക്കുകയാണ് ചെയ്തത്. പല രാജ്യങ്ങളിലെയും നിയമനിർമാണ സഭകൾ ഈ നീചവൃത്തിക്ക് തണലേകുന്നു. സന്താനോൽപ്പാദനവും വംശ നിലനിൽപ്പും പ്രദാനം ചെയ്യാത്ത സ്വവർഗരതി തികച്ചും പ്രകൃതിവിരുദ്ധമാണെന്ന് സുതരാം വ്യക്തമാണ്. മനുഷ്യനിൽ നിന്നു തന്നെ ദൈവം ഇണകളെ സൃഷ്ടിച്ചത് പുതിയൊരു സാമൂഹിക ക്രമത്തെ കെട്ടിപ്പടുക്കുന്നതിനാണ്. ആ സാമൂഹികക്രമം ഉന്മൂലനം ചെയ്യുകയാണ് യഥാർഥത്തിൽ സ്വവർഗരതി. സ്ത്രീയുടെയും പുരുഷന്റെയും ശാരീരിക-മാനസിക ഘടന ഇരുവരുടെയും ദാമ്പത്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ പാകത്തിൽ സൃഷ്ടിക്കപ്പെട്ടവയാണ്. സ്വവർഗരതി ഒരിക്കലും സ്വാഭാവികമോ, പ്രകൃതിക്കിണങ്ങുന്നതോ അല്ല. ഇസ്‌ലാമിക ശരീഅത്ത് അതിനെ തള്ളിപ്പറയുന്നു. ഇസ്‌ലാമിക ശരീഅത്ത് മനുഷ്യനന്മയാണ് ലക്ഷ്യമിടുന്നത്. അതിനുവേണ്ടിയാണ് നിലകൊള്ളുന്നതും.

ശാരീരിക-മാനസിക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഇത്തരം അധർമവൃത്തികളെ തടുക്കുക എന്നതാണ് ഇസ്‌ലാമിക ശരീഅത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളിലൊന്ന്. ചരിത്രത്തെ മറന്നു കൊണ്ട് മനുഷ്യൻ തന്നിഷ്ടം കാണിക്കുന്നതും, സാമൂഹിക അരാജകത്വം അരങ്ങുവാഴാൻ ഹേതുവാക്കുന്ന നിയമവ്യവസ്ഥകളെ കൂട്ടുപിടിക്കുന്നതുമാണ് ഈ നാടിന്റെ ശാപം. ലോകത്ത് ധാരാളം സ്ത്രീകളുണ്ടായിട്ടും ലൈംഗികവികാരം ശമിപ്പിക്കുന്നതിന് പുരുഷന്മാർ പുരുഷന്മാരെ സമീപിക്കുന്ന ഒരു ജനത ലൂത്ത് നബിയുടെ ജനതക്കു മുമ്പ് കഴിഞ്ഞുപോയിട്ടില്ലെന്ന് ഖുർആൻ പറയുന്നുണ്ട്. വികാരപൂർത്തീകരണത്തിനു വേണ്ടി ദൈവം സൃഷ്ടിച്ചുതന്നിട്ടുള്ള ഇണകളെ ഉപേക്ഷിച്ച് നിങ്ങൾ പ്രകൃതിവിരുദ്ധമായ മാർഗങ്ങൾ ഉപയോഗിക്കുകയാണോ എന്നും ഖുർആൻ ചോദിക്കുന്നു. ചരിത്രം വെറുതെ വായിച്ച് അയവിറക്കാനോ ഊറ്റം കൊള്ളാനോ ഉള്ളതല്ല. അതിൽ നിന്ന് ഒരുപാട് പാഠങ്ങൾ പഠിക്കാനുണ്ട്. ചരിത്രപഠനത്തിൽ അശ്രദ്ധരാവുകയും, അത്തരം തിന്മകളിലേക്ക് നയിക്കുന്ന തരത്തിൽ സാഹചര്യം പാകപ്പെടുകയുമാണെങ്കിൽ, ഘോരനാശം വിളിപ്പുറത്തുണ്ടെന്ന് താക്കീതു ചെയ്യാനേ നിവൃത്തിയുള്ളൂ.

+91 81299 10037